# THE MALANKARA ORTHODOX SYRIAN CHURCH
## CATHOLICATE OF THE EAST

**Adv. Biju Oommen**
ASSOCIATION SECRETARY
CATHOLICATE OFFICE
DEVALOKAM P.O.
KOTTAYAM - 686 004
KERALA, INDIA
Tel: 0481 2573850
E-mail: catholicateoffice@mosc.in

Res : Muringasseril, Eraviperoor P. O,
Thiruvalla, Pathanamthitta 689 542.
E-mail: associationsecretary@mosc.in

**മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ**
**12-ാം ഓർമ്മപ്പെരുന്നാൾ**
**ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽ**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 6-ാം കാതോലിക്കായും മലങ്കരയുടെ സൂര്യതേജസ്സുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാതിരുമേനിയുടെ 12-ാം ഓർമ്മപ്പെരുന്നാൾ 2018 ജനുവരി 21 മുതൽ 26 വരെ തീയതികളിൽ ഭക്തിനിർഭരമായി ശാസ്താംകോട്ട മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പലിൽ നടത്തപ്പെടുന്നു. 21 ഞായറാഴ്ച 8 മണിക്ക് അഭി. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കുന്നതും തുടർന്ന് പെരുന്നാൾ കൊടിയേറ്റ് നിർവ്വഹിക്കുന്നതുമാണ്. 11 മണിക്ക് പ്രസംഗ മത്സരവും, എക്കാറാ മത്സരവും ഉണ്ടായിരിക്കുന്നതാണ്. 22 തിങ്കളാഴ്ച പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയുടെയും, ഭരണിക്കാവ് വൈദ്യധർമ്മ ആയുർവ്വേദ ആശുപത്രിയുടെയും ശാസ്താംകോട്ട എം.റ്റി.എം.എം. ആശുപത്രിയുടെയും ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പും നടത്തപ്പെടുന്നു. 23 ചൊവ്വാഴ്ച വൈകുന്നേരം 6.45-ന് റവ.ഫാ. എബി ഫിലിപ്പ് ധ്യാനപ്രസംഗം നടത്തും, 24 ബുധനാഴ്ച 10.30-ന് ധ്യാനം അഭി. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ യുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് 12-ന് അഭി. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കും. 25 വ്യാഴാഴ്ച രാവിലെ 7-ന് അഭി. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കും. 10 മണിക്ക് **അനുസ്മരണ സമ്മേളനം മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യും, ഡോ. സിറിയക് തോമസ് അനുസ്മരണ പ്രഭാഷണം** നടത്തും. അഭി. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. അഡ്വ. കെ. സോമപ്രസാദ് എം.പി., ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ., റവ.ഫാ.ഡോ. എം.ഒ. ജോൺ, ശ്രീ. ജോർജ് പോൾ എന്നിവർ ആശംസകൾ അർപ്പിക്കും. വൈകുന്നേരം 7-ന് അഭി. ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ അനുസ്മരണ സന്ദേശം നൽകും. തുടർന്ന് പ്രദക്ഷിണം. 26 വെള്ളിയാഴ്ച രാവിലെ 8-ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാതിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന കബറിങ്കൽ ധൂപപ്രാർത്ഥന, നേർച്ച വിളമ്പ് എന്നിവയോടുകൂടി ഓർമ്മപ്പെരുന്നാൾ സമാപിക്കുമെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മനും, മാനേജർ ഫാ. കെ.റ്റി. വർഗീസും അറിയിച്ചു.

03-01-2018

അഡ്വ. ബിജു ഉമ്മൻ
അസോസിയേഷൻ സെക്രട്ടറി